(സി) കൂടുതൽ വില ഈടാക്കുന്നതായി കണ്ടാൽ അത് അവസാനിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഗ്യാസ് വീട്ടിൽ എത്തിക്കുന്നതിനുള്ള റേറ്റും ഗ്യാസ് ഏജൻസിയിൽ നിന്ന് നേരിട്ടെടുക്കുമ്പോഴുള്ള റേറ്റും ഗ്യാസ് വിതരണം ചെയ്യുന്ന പ്രവത്തന സമയവും പ്രദർശിപ്പിക്കുന്ന ബോർഡ് വയ്ക്കുന്നതിനും ഏജൻസികൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഗ്യാസ് ഏജൻസിയിൽ നിന്നും നേരിട്ട് ഗ്യാസ് എടുക്കുന്ന ഉപഭോക്താവിന് സിലിണ്ടറിലെ യഥാർത്ഥ വിലയിൽ നിന്ന് 5 രൂപാ കുറച്ച് നൽകിയാൽ മാതി. ഗ്യാസ് വീട്ടിലെത്തിക്കുമ്പോൾ ഗ്യാസിന്റെ യഥാർത്ഥ വില മാത്രം നൽകിയാൽമതി.

(ബി) പരാതി ലഭിക്കുന്നതായാൽ അത് പരിശോധിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കമ്പനികൾക്ക് നിർദ്ദേശം നൽകുന്നതാണ്.

കുക്കിംഗ് ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കുന്നതിന് നടപടി

133 (3323) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുക്കിംഗ് ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി ചില റേഷൻകടക്കാർ റേഷൻ കാർഡുകൾ പിടിച്ചുവയ്ക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്കായി ഇപ്രകാരം റേഷൻ കാർഡുകൾ റേഷൻ കടകളിൽ പിടിച്ചു വയ്ക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇതവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു ഗ്യാസ് സിലിണ്ടർ ഉള്ളവർക്ക് മണ്ണെണ്ണ പെർമിറ്റ് പ്രകാരമുള്ള മണ്ണെണ്ണ 1-3-2000 മുതൽ നൽകേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

തിരുവല്ല നിയോജക മണ്ഡലത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുവാനുള്ള ഉത്തരവ്

134 (3324) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ കടപ്ര ഗ്രാമപഞ്ചായത്തിലെ പരുമലയിൽ മാവേലിസ്റ്റോർ ആരംഭിക്കുവാനുള്ള ഉത്തരവ് നൽകിയിരുന്നുവോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ഹാജരാക്കാമോ ;

(ബി) പ്രസ്തുത മാവേലിസ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന് മൂന്ന് വർഷത്തേയ്ക്കുള്ള വാടക കടപ്ര ഗ്രാമ പഞ്ചായത്ത് നൽകാമെന്ന് സിവിൽ സപ്ലൈസ് വകുപ്പു അധികൃതരെ അറിയിച്ചിരുന്നോ ;

(ഡി) പരുമലയിൽ മാവേലിസ്റ്റോർ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) കടപ്ര ഗ്രാമപഞ്ചായത്തിലെ പരുമലയിൽ മാവേലി സ്റ്റോർ ആരംഭിക്കുവാനുള്ള ഉത്തരവൊന്നും നൽകിയിട്ടില്ല. ഒരു നിയോജകമണ്ഡലത്തിൽ പുതിയ ഒരു മാവേലിസ്റ്റോർ എന്ന സർക്കാർ തീരുമാനപ്രകാരം കടപ്ര പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കണമെന്ന് സ്ഥലം എ.എൽ.എയുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി & ഡി) ഗ്രാമപഞ്ചായത്തിൽ നിന്നും 3 വർഷത്തേക്ക് വാടക നൽകിക്കൊള്ളാമെന്ന നിർദ്ദേശം നിലവിലുണ്ട്. കടപ്ര പഞ്ചായത്തിൽ തിക്കപ്പുഴ എന്ന സ്ഥലത്താണ് സ്റ്റോർ തുടങ്ങുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചിട്ടുള്ളത്. എം.എൽ.എ. നിർദ്ദേശിക്കുന്ന സ്ഥലത്തു തുടങ്ങാൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാമധേനു ഇൻഷ്വറൻസ് പദ്ധതി

135 (3325) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര കറവ പശുക്കളേയും ഉടമകളേയും ഇൻഷ്വർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly